'ഗ്രീൻ ഹൗസ് പ്രഭാവം' ആണെന്ന് ശാസ്ത്രജ്ഞർ കരുതുന്നു. (ഇതിനെപ്പററി ഇതേ പംക്തിയിൽ ഏതാനും മാസങ്ങരം മുമ്പ് പ്രസിദ്ധീകരിച്ച 'ശുക്രദശ' എന്ന ലേഖനത്തിൽ പ്രതിപാദിച്ചിരുന്നു). ഈ ദുരന്തം ഒഴിവാക്കുന്നതിനായി, ഊർജോപയോഗം കുറയ്ക്കുവാനും, ഊർജോല്പാദന സമ്പ്രദായത്തിൽ മാററം വരുത്തുവാനുമുള്ള പ്രായോഗികയത്നങ്ങരം ഉടനെ ആരംഭിക്കേണ്ടിയിരിക്കുന്നു.

5. ജനസംഖ്യാസ്ഫോടനം—ആണ് ഭൂമിയെ ബാധിച്ചിട്ടുള്ള മറെറാരു മാരകരോഗം. ഉഷ്ണമേഖലാ പ്രദേശത്തുള്ള ദരിദ്രരാജ്യങ്ങരംക്കു താങ്ങാവുന്നതിൽ കൂടുതൽ ജനങ്ങരം ഇപ്പോരംത്തന്നെ ആ രാജ്യങ്ങളിലുണ്ട്. ആണ്ടുതോറും ഇവിടങ്ങളിലെ ജനസംഖ്യ പലിശയും കൂട്ടപലിശയുമായി പെരുകിക്കൊണ്ടിരിക്കുകയുമാണ്.

കഴിഞ്ഞ പത്തു വർഷങ്ങളിലെ പ്രവർത്തനത്തിൻഫലമായി ഭൂമിയെ ബാധിച്ച അഞ്ചു മാരകരോഗങ്ങളെ ഇങ്ങനെ നിർവചിക്കാൻ യു. എൻ. ഇ. പി. ക്കു കഴിഞ്ഞിട്ടുണ്ടെങ്കിലും, അവ തടയുന്നതിനുള്ള പരിശ്രമങ്ങരം ഇനിയും വേണ്ടവിധത്തിൽ പുരോഗമിച്ചിട്ടില്ല. ഇതിനകം 106 രാജ്യങ്ങളിൽ പരിസ്ഥിതി സംരക്ഷണത്തിനുവേണ്ടി സർക്കാർതലത്തിൽ ശ്രമം ആരംഭിച്ചിട്ടുണ്ട്. ഇവയിൽ 70 എണ്ണം ഇന്ത്യ ഉരംപ്പെടെയുള്ള ദരിദ്രരാജ്യങ്ങളാണ്. എന്നാൽ, സർക്കാർതന്നെ ഈ രോഗങ്ങളെ വളർത്തുംവിധം പെരുമാറുന്നതു് ഇപ്പോഴും അസാധാരണമല്ല. സൈലൻറ്വാലി വനം നശിപ്പിച്ചേ അടങ്ങൂ എന്ന് കേരളസർക്കാർ പ്രതിജ്ഞ ചെയ്തതു് നാം കണ്ടതാണല്ലോ. ഇന്ത്യാഗവണ്മെൻറിൽ പരിസ്ഥിതി സംരക്ഷണത്തിനു് ഒരു ഡിപ്പാർട്ടുമെൻറ് ഉണ്ടായിരിക്കെ ആണിതു് എന്നും ഓർക്കുക.

ദരിദ്രരാജ്യങ്ങരം പരിസ്ഥിതി സംരക്ഷണത്തെ പണക്കാരുടെ ഒരു ധാരാളിത്തം മാത്രമായി കാണുന്നു. ധനികരാജ്യങ്ങളാകട്ടെ, തങ്ങളുടെ അമിതഭോഗ ജീവിതരീതി നിലനിറുത്താൻവേണ്ടി കൂടുതൽ കൂടുതൽ പരിസ്ഥിതി വിധ്വംസനം നടത്തുന്നു. ആയുധപ്പന്തയം, അണുയുദ്ധ ഭീഷണി, പണപ്പെരുപ്പം, വ്യാവസായികമാന്ദ്യം, തൊഴിലില്ലായ്മ മുതലായ ദൈർഘടപ്രശ്നങ്ങരം ഭരണാധികാരികളുടെ മുഴുവൻ ശ്രദ്ധയും പിടിച്ചുപററുന്നു. ഈ കോലാഹലത്തിൽ യു. എൻ ഇ. പി. പോലെയുള്ള സ്ഥാപനങ്ങളുടെ ശബ്ദം മുങ്ങിപ്പോകുന്നു. ഉപദേശിക്കാനല്ലാതെ, നേരിട്ടെന്തെങ്കിലും പ്രവർത്തിക്കാൻ കഴിവോ വിഭവങ്ങളോ ഇത്തരം സ്ഥാപനങ്ങരംക്കില്ലതാനും.

ഫലമോ? ഭൂമിയെന്ന ഈ അന്തരീക്ഷയാനത്തിൻെറ ജീവിതസന്ധാരണക്കഴിവു് നാരംതോറും കാണത്തക്കവിധത്തിൽ കുറഞ്ഞുകൊണ്ടിരിക്കുന്നു.

## 103. അനാഥമായ കടൽത്തീരം

ഇന്ത്യ ഒരു കടലോര രാജ്യമാണ്. മൂന്നു ഭാഗത്തും കടലാൽ ചുററപ്പെട്ട ഈ രാജ്യത്തിനു് ആറായിരം കിലോമീററർ നീണ്ട കടൽത്തീരമുണ്ട്.

കടൽത്തീരം അതിർത്തിപ്രദേശം കൂടിയാണ്. രാഷ്ട്രാന്തരീയ അതിർത്തികരം സംരക്ഷിക്കേണ്ട ചുമതല ഓരോ രാജ്യത്തിനുമുണ്ട്. അതിനാൽ, ആറായിരം കിലോമീററർ നീണ്ട ഈ കടൽത്തീരമത്രയും സംരക്ഷിക്കാൻ ഇന്ത്യ ചുമതലപ്പെട്ടിരിക്കുന്നു.

സ്വാതന്ത്ര്യത്തിനു മുമ്പ്, ബ്രിട്ടീഷ് നാവികസേന ഇന്ത്യയുടെ കടൽ

ത്തീരത്തെ സംരക്ഷിച്ചിരുന്നു. ബ്രിട്ടാനിയ കടലലകളെ ഭരിച്ചിരുന്ന കാലമാണല്ലോ അതു്. എന്നിട്ടും ഒന്നാം മഹായുദ്ധ കാലത്തു് ജർമൻ മുങ്ങിക്കപ്പലായ 'എംഡൻ' മദ്രാസ് തുറമുഖത്തിൽ പീരങ്കിയുണ്ടകൾ വീഴ്ത്തുകയുണ്ടായി. രണ്ടാംമഹായുദ്ധകാലത്താകട്ടെ, ആൻഡമാൻ ദ്വീപുകളിൽനിന്നു് ബ്രിട്ടീഷ് അധികാരശക്തികൾ പിൻവാങ്ങേണ്ടിയും വന്നു.

സ്വാതന്ത്ര്യത്തിനുശേഷം ഇന്ത്യൻ നാവികസേനയെ പുഷ്ടിപ്പെടുത്തുന്നതിനുള്ള ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുകയാണു്. നാവികസേനയിൽ തീരദേശ സംരക്ഷണത്തിനു് ഒരു പ്രത്യേക വിഭാഗം (കോസ്റ്റ് ഗാർഡ്) ഉണ്ടാക്കിയതു് 1977–ൽ മാത്രമായിരുന്നു. രണ്ടു് ഫ്രീ ഗേററുകളും അഞ്ചു് പെട്രോൾ ബോട്ടുകളുമായി ആരംഭിച്ച ഈ വിഭാഗത്തിനുവേണ്ടി, ഹെലികോപ്റററർ കയററിക്കൊണ്ടു പോകാൻ കഴിവുള്ള ഒരു പെട്രോൾ ബോട്ട് ഈയിടെ ബോംബെയിലെ മസഗോൺ ഡോക്കിൽ പണിതീർക്കുകയുണ്ടായി. അതിർത്തി സംരക്ഷണത്തിനുള്ള ഒരു സംഭാവനയെന്ന നിലയിൽ മാത്രമല്ല, കപ്പൽനിർമാണരംഗത്തിൽ സ്വയംപര്യാപ്തത നേടുന്നതിനുള്ള സഫലമായ ഒരു പരിശ്രമമെന്ന നിലയിൽക്കൂടി ഈ സംഭവം നമ്മുടെ പ്രത്യേക ശ്രദ്ധ അർഹിക്കുന്നു.

കള്ളക്കടത്തു്, അനധികൃതമായ കുടിയേററം എന്നിവ തടയാൻ സമാധാനകാലത്തും, ആക്രമണം തടയാൻ യുദ്ധകാലത്തും കടലോരത്തു് നിരന്തരം കാവൽ ഉണ്ടായിരിക്കണം.

കടലിൻെറ സാമ്പത്തിക പ്രാധാന്യം വർദ്ധിച്ചുകൊണ്ടിരിക്കുകയാണു്. തീരത്തിൽനിന്നു് പുറംകടലിൽ മുന്നൂററിയിരുപതു കി.മീ. വരെയുള്ള പ്രദേശം ഓരോ രാജ്യത്തിൻെറയും 'പ്രായോഗിക സാമ്പത്തിക മേഖല' (ഇഫക്ടീവ് ഇക്കണോമിക് സോൺ—ഇ. ഇ. ഇസഡ്.) ആയി അംഗീകരിക്കപ്പെട്ടിട്ടുണ്ടു്. ഈ പ്രദേശത്തു് മറുനാട്ടുകാർ വന്നു മീൻ പിടിക്കാതെ നോക്കേണ്ട ചുമതല നമ്മുടേതാണു്. ലോകത്തിലെ അതിസമ്പന്നങ്ങളായ മത്സ്യപ്രദേശങ്ങളിലൊന്നാണു് ഇന്ത്യൻ കടൽത്തീരം. ഈ പ്രദേശത്തിലെ വിഭവങ്ങൾ ഫലപ്രദമായി ചൂഷണം ചെയ്യാൻ നമുക്കു് ഇനിയും സാധിക്കുന്നില്ല. മററു രാജ്യക്കാരുടെ, പ്രത്യേകിച്ചു്, ജപ്പാൻെറ, കപ്പലുകൾ ഇവിടെ അതിക്രമിച്ചുകടന്നു് മീൻപിടിക്കുന്നതായി റിപ്പോർട്ടുകൾ കാണാറുണ്ടു്. നമ്മുടെ കടൽപ്രദേശം നമുക്കുതന്നെ ഉപയോഗിക്കാൻ സാധിക്കുമാറു് ഇന്ത്യയിലെ മത്സ്യബന്ധനക്കപ്പലുകളുടെയും രാജ്യരക്ഷക്കപ്പലുകളുടെയും എണ്ണവും കാര്യക്ഷമതയും വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു.

കടലിൽ നീന്തുന്ന ജീവികൾക്കു പുറമെ, കടലിന്നടിയിലുള്ള സമ്പന്നങ്ങളായ ഖനിജ വിഭവങ്ങളും നാം എടുത്തു് ഉപയോഗിക്കണം. ഈ വിഭവങ്ങളിൽ പ്രധാനമാണു് എണ്ണയും ഗ്യാസും. ഈ അമൂല്യശക്തിസ്രോതസ്സുകൾക്കുവേണ്ടി കടലിനെ എത്രമാത്രം വിശ്വസിച്ചു് ആശ്രയിക്കാമെന്നു് 'ബോംബെ ഹൈ' നമുക്കു കാണിച്ചുതന്നിട്ടുണ്ടു്. ഇപ്പോൾ തമിഴ്നാട്ടിൻെറ തീരത്തു് കാവേരിയുടെ അഴിമുഖത്തും കടലിൽ എണ്ണ കണ്ടെത്തിയിരിക്കുന്നു. വേറെയും പല സ്ഥലങ്ങളിലും എണ്ണയുണ്ടാകാൻ സാധ്യതയുണ്ടു്. ശരിക്കു പരിശ്രമിച്ചാൽ, ഏതാനും വർഷങ്ങൾക്കുള്ളിൽ, ആഭ്യന്തരാവശ്യത്തിനുള്ള എണ്ണയും ഗ്യാസും ഉല്പാദിപ്പിക്കാൻ മാത്രമല്ല, അവ കയററി അയയ്ക്കാനും ഇന്ത്യക്കു സാധിച്ചുകൂടായ്കയില്ല. അങ്ങനെ സംഭവിച്ചാൽ, ലോകത്തിലെ ഏററവും ദരിദ്രങ്ങളായ രാജ്യങ്ങളിലൊന്നു് എന്ന നിലയിൽനിന്നു്, സമ്പന്നങ്ങളായ രാജ്യങ്ങളിലൊന്നു് എന്ന നിലയിലേക്കു് പുരോഗമിക്കുന്നതിൽ ഇന്ത്യക്കു് ഒരു തടസ്സവും ഉണ്ടായിരിക്കയില്ല. ഇന്നു ശാപമായി കരുതപ്പെടുന്ന ജനപ്പെരുപ്പം അന്നു് സമ്പത്തായി കണക്കാക്കപ്പെട്ടുകൂടായ്കയുമില്ല.

എണ്ണ, ഗ്യാസ് എന്നിവയ്ക്കു പുറമേ, അളവററ ലോഹനിക്ഷേപങ്ങളും

കടലിലുണ്ട്. ഇവ ലാഭകരമായി ചൂഷണം ചെയ്യുന്നതിനുള്ള സാങ്കേതികവിദ്യകൾ വികസിപ്പിച്ചുവരുന്നതേയുള്ളു. ആഴക്കടൽ ഖനനം പ്രായോഗികമായിത്തീരുന്നതോടെ, പുറങ്കടലിൽ ഓരോ രാജ്യത്തിനുമുള്ള അധികാരാവകാശങ്ങൾ നിർവചിക്കുന്ന ഒരു അന്താരാഷ്ട്രീയ നിയമസംഹിത രൂപപ്പെടുത്തുകയും അതിനു സർവദേശീയാംഗീകാരം നേടിയെടുക്കുകയും ചെയ്യേണ്ടതുണ്ട്. ഐക്യരാഷ്ട്രസഭയുടെ ആഭിമുഖ്യത്തിൽ ഇതിനുള്ള പ്രാഥമിക നടപടികൾ ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്.

കടലിൽ ശക്തി വർദ്ധിപ്പിക്കുന്നതുപോലെതന്നെ പ്രധാനമാണ് കടൽത്തീരം സംരക്ഷിക്കുകയെന്നതും. കടൽത്തീരത്തിന് രണ്ടു വശങ്ങളിൽനിന്ന് ഭീഷണി നേരിട്ടുകൊണ്ടിരിക്കുകയാണ്. ഒരുവശത്ത് കടലിന്റെ കൈയേററം; മറുവശത്ത് ജനങ്ങളുടെ കൈയേററം. ഇവ രണ്ടും തടയണം. കടലിന്റെ കൈയേററം തടയാൻ ഇപ്പോൾ അവലംബിച്ചിട്ടുള്ള മാർഗം കടൽഭിത്തി കെട്ടുകയെന്നതാണ്. കൺട്രാക്ടർമാരെയും എൻജിനീയർമാരെയും സമ്പന്നരാക്കാനല്ലാതെ മറെറാന്നിനും കടൽഭിത്തികൾ ഉപകരിക്കുകയില്ലെന്ന് സർക്കാരിനു മാത്രമേ ഇനിയും ബോദ്ധ്യമാകായ്കയുള്ളു. കടൽ ഒരു സജീവ സാന്നിദ്ധ്യമാണ്. അതിന്റെ കൈയേററം തടയാൻ ജീവനുള്ള സസ്യങ്ങളെത്തന്നെ ഉപയോഗപ്പെടുത്തണം. കടലോരത്ത് വ്യാപകമായി മരങ്ങളും ചെടികളും വളർത്തുന്നതുകൊണ്ടു മാത്രമേ കരയെ സംരക്ഷിക്കാനാവൂ.

വിശ്രമത്തിനും വിനോദത്തിനും കടൽത്തീരംപോലെ പററിയ സ്ഥലമില്ല. പരിഷ്കൃതരാജ്യങ്ങളിലെ കടൽത്തീരങ്ങൾ ജനങ്ങളുടെ വിശ്രമവിനോദ കേന്ദ്രങ്ങൾകൂടിയാണ്. കടൽത്തീരങ്ങളിൽ വിസ്തൃതങ്ങളായ കൃത്രിമ വനങ്ങൾ നിർമിച്ച് അവയിലാണ് ഹോട്ടലുകളും പൊതു പാർപ്പിടങ്ങളും വിനോദകേന്ദ്രങ്ങളും മററും അവിടങ്ങളിൽ നിർമിക്കുന്നത്.

നമ്മുടെ കടൽത്തീരവും ഇങ്ങനെ വികസിപ്പിച്ചെടുക്കാവുന്നതാണ്. ഇതിനായി കടൽത്തീരത്ത് അനധികൃതമായ കുടിയേററം തടയണം. വെള്ളത്തിൽനിന്ന് കരയിലേക്ക് ഏതാനും മീററർ സ്ഥലമെങ്കിലും സർക്കാരിന്റെ കൈവശത്തിൽ നിലനിറുത്തണം. അവിടെ കുടിൽ കെട്ടി പാർക്കുന്നവരെ നിർബന്ധമായി അവിടെനിന്നു മാററി പാർപ്പിക്കണം. എന്നിട്ട് അവിടെ ചവോക്ക്, കണ്ടൽ മുതലായ മരങ്ങൾ അടങ്ങിയ വനങ്ങൾ നട്ടുവളർത്തണം. പൊതുജനസഹകരണമുണ്ടെങ്കിൽ നമ്മുടെ വനംവകുപ്പിന് നിഷ്പ്രയാസം ചെയ്യാവുന്ന ഒരു കാര്യമാണിത്. ഇങ്ങനെ കടല്ക്കരയിൽ ഉടനീളം 'സാമൂഹ്യവന'ങ്ങളുടെ ഒരു ശൃംഖല ഏതാനും വർഷങ്ങൾക്കകം ഉണ്ടായിവരും. ഇതു കരയെ കടലിന്റെ ആക്രമണത്തിൽനിന്നും സംരക്ഷിക്കും. ഈ വനത്തിൽ, ആണ്ടുതോറും പെരുകിവരുന്ന നമ്മുടെ ജനങ്ങൾക്ക് ആവശ്യമുള്ള വിശ്രമ വിനോദ സൗകര്യങ്ങൾ ഉണ്ടാക്കുകയുമാവാം.

കോവളത്ത് വിദേശീയ ടൂറിസ്റ്റുകൾ വരുന്നത് എന്തിനുവേണ്ടിയാണ്? ചുരുങ്ങിയ ചെലവിൽ കിട്ടുന്ന ലഹരിയും വ്യഭിചാരവുമാണോ അവരുടെ മുഖ്യോദ്ദേശ്യം? അതോ; തികച്ചും സൗജന്യമായി കിട്ടുന്ന തെളിഞ്ഞ വെയിലും തെളിഞ്ഞ ഉപ്പുവെള്ളവും തെളിഞ്ഞ കടല്ക്കാററും അനുഭവിക്കുകയോ? ലഹരിയും വ്യഭിചാരവും വേണ്ടവർ അവ അനുഭവിച്ചുകൊള്ളട്ടെ. തെളിഞ്ഞ വെയിലും തെളിഞ്ഞ ഉപ്പുവെള്ളവും തെളിഞ്ഞ കടല്ക്കാററും പ്രകൃതിയുടെ അമൂല്യങ്ങളായ അനുഗ്രഹങ്ങളാണ്. അവ അനുഭവിക്കാൻ ഓരോ മനുഷ്യനും അവകാശമുണ്ട്. നമ്മുടെ നാട്ടിലെ കോടിക്കണക്കിനു ജനങ്ങൾക്ക് ഈ അനുഗ്രഹങ്ങൾ നിർല്ലോഭമായും ചെലവുകൂടാതെയും ലഭിക്കുമാറ് നമ്മുടെ കടലോരങ്ങളെ സംരക്ഷിച്ചു വികസിപ്പിക്കാനുള്ള ഒരു സമഗ്ര പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കേണ്ട സമയമാണിത്.

പ്രകൃതിപ്രേമികളുടെയും ശാസ്ത്രതല്പരന്മാരുടെയും ശ്രദ്ധ ഈയിടെ വനങ്ങളിൽ പതിഞ്ഞിരിക്കുകയാണല്ലോ. എത്രയും അഭിനന്ദനീയമാണ് അതു്. അതേസമയം കടലോരങ്ങളിലേക്കുകൂടി അവരുടെ ശ്രദ്ധ എത്തേണ്ടതുണ്ടെന്ന് ചൂണ്ടിക്കാട്ടുവാൻ ആഗ്രഹിക്കുന്നു. കടലോരം നമ്മുടെ യെല്ലാം പൈതൃകമാണ്. നാം അതു സംരക്ഷിക്കുകയും വികസിപ്പിക്കുകയും വേണം.

# 104. കടലാക്രമണവും കരയാക്രമണവും

കടൽത്തീരങ്ങൾ ദുരുപയോഗപ്പെടുത്തുന്നതു തടഞ്ഞ്, അവയെ സംരക്ഷിക്കണമെന്ന് 1981 ഡിസംബറിൽ കടൽത്തീര സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാർക്കുള്ള ഒരു കത്തിൽ പ്രധാനമന്ത്രി ഇന്ദിരാഗാന്ധി അവശ്യപ്പെട്ടിരുന്നു. വേലിയററ സമയത്തു് വെള്ളം എത്തുന്ന സ്ഥലംമുതൽ അഞ്ഞൂറ മീററർ വീതിയിലെങ്കിലുമുള്ള കടൽത്തീരത്തെ, നിർമാണ പ്രവർത്തനങ്ങളൊന്നും കൂടാതെ സ്വാഭാവികമായ നിലയിൽ ഒഴിച്ചിടണമെന്നും, ഈ പ്രദേശം കടലാക്രമണത്തിനു വിധേയമെങ്കിൽ, പററിയ വൃക്ഷങ്ങളും ചെടികളും പുല്ലുകളും മണലിൽ നട്ടുവളർത്തി കടലാക്രമണം തടയണമെന്നും, തീരപ്രദേശവും മണൽത്തിട്ടകളും മലിനങ്ങളാകാതെ നോക്കണമെന്നും ഈ കത്തിൽ ഈ മുഖ്യമന്ത്രിമാരോട് പ്രധാനമന്ത്രി നിർദേശിച്ചിരുന്നു.

പ്രധാനമന്ത്രിയുടെ നിർദ്ദേശം അതിന്റെ വഴിക്കു പോയിരിക്കണം. കേരളത്തിലെ കടൽത്തീരം മുഴുവൻ പാവങ്ങൾക്കു പതിച്ചു കൊടുക്കുവാൻ പോകയാണെന്ന് മുഖ്യമന്ത്രി ശ്രീ കരുണാകരൻ ആലപ്പുഴവെച്ചു പ്രസ്താവിച്ചതായി പത്രങ്ങൾ റിപ്പോർട്ടു ചെയ്തിരുന്നു. ശരിയായ കരയാക്രമണംതന്നെ!

പക്ഷേ, പതിച്ചുകിട്ടിയിട്ടെന്താണ്? രക്ഷാബോധത്തോടെ നമ്മുടെ കടൽത്തീരത്തു് ആർക്കെങ്കിലും പാർക്കാൻ കഴിയുമോ?

അഞ്ഞൂററിയറുപതു കിലോമീററർ നീളമുള്ള കേരളത്തിന്റെ കടലോരത്തിൽ മുന്നൂററിയിരുപതുകിലോമീററർ സ്ഥലവും നിരന്തരമായ കടലാക്രമണത്തിനു വിധേയമാണത്രേ. ഇക്കഴിഞ്ഞ അമ്പതു വർഷങ്ങൾക്കുള്ളിൽ കേരളത്തിലെ എത്രയോ ഹെക്ടർ ഭൂമി കടലെടുത്തു പോയിട്ടുണ്ട്. ആണ്ടുതോറും, കടലാക്രമണ മേഖലയിൽ ഉടനീളം 30–40 മീററർ വീതിയിൽ കര കടലായി മാറിക്കൊണ്ടിരിക്കുകയാണ്. തലശ്ശേരി, വർക്കല മുതലായ ചെങ്കൽ പ്രദേശങ്ങളിൽ കടലാക്രമണത്തിന്റെ സമ്പ്രദായം ഒന്നാണ്; മണൽപ്രദേശങ്ങളിലെ കടലാക്രമണത്തിന്റെ രീതി മറെറാന്നും. രീതി എന്തായാലും കരനഷ്ടം രണ്ടിടത്തും തുല്യംതന്നെ.

നമ്മുടെ പടിഞ്ഞാറെ കടലിൽ കരയോടു ചേർന്ന് വടക്കുനിന്ന് തെക്കോട്ട് ഒരു നിത്യപ്രവാഹമുണ്ട്. ഈ പ്രവാഹത്തിലൂടെ മണൽ നിരന്തരം വടക്കുനിന്ന് തെക്കോട്ട് ചലിച്ചുകൊണ്ടിരിക്കുന്നു. പ്രവാഹം തടയപ്പെടുമ്പോൾ, അതു തടഞ്ഞ സ്ഥലത്തിനു തെക്കു ഭാഗത്തു് മണലൊലിച്ചു പോവുന്നു. അവിടെ പുതുതായി മണൽ വന്നുചേരുന്നുമില്ല. തന്മൂലം അവിടെ കടൽ കരയിലേക്ക് ആക്രമിച്ചു കയറുന്നു.

ചില സ്ഥലങ്ങളിൽ പ്രവാഹം തടയപ്പെടുന്നതു് ചാകര മൂലമാണ്. ചാകര കാണുന്ന സ്ഥലത്തിനു തെക്കുഭാഗത്തു് സാധാരണയായി കടലാക്രമണം ഉണ്ടാകാറുണ്ട്. കടലാക്രമണം തടയാൻ കരിങ്കല്ലുകൊണ്ടു ബണ്ടു കെട്ടിയ സ്ഥലങ്ങളിലും, ബണ്ടിനു തെക്കുവശത്തു് കരയിലേക്കു കടൽ അതി